"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിലെ ഹെഡ് ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ വി.കെ.ഷെറി-യുടെ ഭാര്യ ശ്രീമതി. രശ്മി ചന്ദ്രൻ-ന് തദ്ദേശസ്വയംഭരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(കൈ) നം.15/2023/LSGD തീയതി,തിരുവനന്തപുരം, 17-01-2023

---

പരാമർശം:-

1. 24.05.1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ ഉത്തരവ്
2. ശ്രീമതി .രശ്മി ചന്ദ്രൻ ,'വിശാഖം', പെരിങ്ങര.പി.ഒ, തിരുവല്ല, പത്തനംതിട്ട - 689108 സമർപ്പിച്ച 22.09.2021-ലെ അപേക്ഷ
3. ഗ്രാമവികസന കമ്മീഷണറുടെ 19.03.2022-ലെ എസ്റ്റാ.സി2/ 1999/2021/സിആർഡി നമ്പർ കത്ത്
4. പത്തനംതിട്ട ജില്ലാ കളക്ടറുടെ 03.12.2022-ലെ DCPTA/2758/2022- S4നമ്പർ കത്ത്

**ഉത്തരവ്**

സർക്കാരിന്റെ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിലേക്കായി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിലെ ഹെഡ് ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചുവരവെ 02.04.2020-ൽ മരണമടഞ്ഞ വി. കെ. ഷെറി-യുടെ ഭാര്യ ശ്രീമതി.രശ്മി ചന്ദ്രൻ ,'വിശാഖം', പെരിങ്ങര.പി.ഒ, തിരുവല്ല, പത്തനംതിട്ട -689108 അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരേതനായ വി.കെ.ഷെറി-യുടെ ജനനതീയതി 31.05.1975-ഉം, സർവ്വീസിൽ പ്രവേശിച്ച തീയതി 17.09.2001-ഉം ആണ്. ടിയാന് 18വർഷം 6 മാസം 22ദിവസം പെൻഷന് യോഗ്യതയുള്ള സേവനദൈർഘ്യമായി കണക്കാക്കിയിട്ടുണ്ട്.

പരാമർശം (3) പ്രകാരം അപേക്ഷകയായ ശ്രീമതി.രശ്മി ചന്ദ്രൻ-ന്റെ ജനനതീയതി 20.05.1977 ആണെന്നും ടിയാൾ എസ് എസ് എൽ സി പാസ്സായിട്ടുണ്ട് എന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരുംതന്നെ അപേക്ഷിച്ചിട്ടില്ലായെന്നും, ആർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും, പത്തനംതിട്ട ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി.രശ്മി ചന്ദ്രൻ-ന് ജോലി നൽകുന്നതിന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷികവരുമാനം 1,20,000/- രൂപയാണെന്ന് ( ഒരു ലക്ഷത്തിഇരുപതിനായിരം രൂപ മാത്രം) പെരിങ്ങര വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിലെ ഹെഡ് ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ വി.കെ.ഷെറിയുടെ ഭാര്യ ശ്രീമതി.രശ്മി ചന്ദ്രൻ ,'വിശാഖം', പെരിങ്ങര.പി.ഒ,തിരുവല്ല, പത്തനംതിട്ട-689108-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ ക്ലാർക്ക് തസ്തികയിലേക്ക് 26500-60700 രൂപ ശമ്പളസ്കെയിലിൽ നിലവിലുള്ളതോ/ഉടൻ ഉണ്ടാകാൻ ഇടയുള്ളതോ ആയ ഒഴിവിലേയ്ക്ക് നിയമനം

നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഈ നിയമനം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും, പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

അപേക്ഷകയ്ക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് എത്രയുംവേഗം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നിയമനഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമനവിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതും നിയമനഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് ബോധ്യപ്പെടുന്നപക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
അണ്ടർ സെക്രട്ടറി

ശ്രീമതി. രശ്മി ചന്ദ്രൻ ,'വിശാഖം', പെരിങ്ങര.പി.ഒ,തിരുവല്ല, പത്തനംതിട്ട -689108 (രജിസ്റ്റേർഡ് പോസ്റ്റ്)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
ഡയറക്ടർ, എൽ എസ് ജി ഡി (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് , സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, മഞ്ചേശ്വരം, കാസർഗോഡ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ജില്ലാ കളക്ടർ, പത്തനംതിട്ട
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ